ലാബ് ടെസ്റ്റ്
==========

ഒരു പ്രായം കഴിഞ്ഞാൽ പിന്നെ ഓരോരോ ടെസ്റ്റുകൾ ഇങ്ങനെ മുടങ്ങാത് നടത്തിക്കൊണ്ടേ ഇരിക്കണം.......

ബീ. പി. ഒരു വഴിക്ക്...
കൊളസ്ട്രോൾ അങ്ങ് കൊമ്പത്ത്,
ഡയബറ്റിക്ക്സ് വേറെ ഒരു വഴിക്ക്...
തൈറോയിഡ്...

ലിസ്റ്റ് അങ്ങനെ പോകും. എല്ലാം കൂടി സംയോജിപ്പിച്ച് കൊണ്ടുപോകാൻ വല്യ പാടാ. അല്ലെങ്കിൽ നാലുനേരവും പച്ചവെള്ളം മാത്രം കുടിച്ചു ജീവിക്കണം. കൂടെ പച്ചിലയും തിന്നാം. ഒരുമാതിരി ആടുജീവിതം!

സമയാസമയം ഓയിൽ ചേഞ്ചും ചെക്കപ്പും ഒക്കെ നടത്തി വീലും ചെക്ക് ചെയ്ത് ബ്രേക്കും മാറിയാൽ വണ്ടി കുറെ ഓടും.

എനിക്കിപ്പൊ നാൽപ്പത് തികഞ്ഞിട്ട് പതിമൂന്ന് വർഷം കഴിഞ്ഞേ ഉള്ളു പക്ഷെ എല്ലാ വർഷവും ചെയ്യാറുള്ള ലാബ് വർക്ക് ചെയ്യാൻ ഡോക്ടർ വീണ്ടും കുറിച്ചുതന്നു.

കൂടെ അത്ര സന്തോഷകരമല്ലാത്ത ഒരു ഉപദേശവും..."തീറ്റി കുറയ്ക്കണം"

*

ഇനി ചെയ്യേണ്ടത് ആ കുറിപ്പുമായ് ലബോറട്ടറിയിൽ എത്തുക എന്ന കർത്തവ്യമാണ്.

ലാബിൽ വിളിച്ച് അറിയാവുന്ന ഭാക്ഷയിൽ അപ്പോയിന്റ്മെന്റ് ഒക്കെ എടുത്തു.

വെറുതെ ചെന്നിട്ട് കാര്യമില്ല. തലേരാത്രി പന്ത്രണ്ട് മണിക്ക് ശേഷം ജലപാനം പാടില്ല. അല്ലെങ്കിൽ തന്നെ പാതിരാക്ക് ശേഷം എനിക്ക് ജലപാനമില്ല. ഞാൻ അതിന് മുൻപേ തന്നെ ഓഫാകും.

*

രാവിലെ പതിവുപോലെ ഞാൻ അതിവെളുപ്പിനെ ഏഴ് മണിക്ക് ഉണർന്നു...

ഉണർന്നപ്പഴെ ഭാര്യാജിയുടെ ഓർമ്മപ്പെടുത്തൽ വന്നു...

"മനുഷ്യാ നിങ്ങൾക്ക് ലാബ് ടെസ്റ്റ് ഉള്ളതാ. കാപ്പി വന്നിട്ട് കുടിച്ചാ മതി"

തിരുവായ്ക്ക് പണ്ടേ എതിർവാ ഇല്ലല്ലോ. ഞാനൊന്നും മിണ്ടിയില്ല.

പല്ല് തേച്ചിട്ട് വായിൽ വന്ന ഉമിനീർ മാത്രം ഇറക്കി ഞാൻ ലാബിന്റെ വെയിറ്റിംഗ് റൂമിൽ ഇരുന്നു. ടെസ്റ്റ് കഴിഞ്ഞാൽ ഉടൻ അടുത്തുള്ള ഡങ്കിൻ ഡോനട്ടിൽ കയറി കാപ്പിയും ക്രീം ചീസ് തേച്ച ബേഗലും കഴിക്കുന്നത് ഞാൻ മനസ്സിൽ ധ്യാനിച്ചു.

ഡങ്കിൻ ഡോനട്ടിലെ കാപ്പിക്കും ബേഗളിനും ഒക്കെ നല്ല വിലയാ. വിലയും ടാക്സും കൂടെ കൂട്ടിയാൽ അഞ്ചു ഡോളറോളം വരും. എന്റെ ഒരു ദിവസ്സത്തെ ഊണിന്റെ വിലയാ അത്.

രാവിലെ ഒരു കാപ്പി കുടിക്കാഞ്ഞാൽ ഉള്ള വിഷമം!

പാക്കിസ്ഥാനി മെഹബൂബ് ആണ് ലാബിലെ റിസപ്പ്ഷണിസ്റ്റ്. ഏതെടുത്താലും എന്തെടുത്താലും ഒരു ഡോളറിന് കിട്ടുന്ന കടയിലെ ജോലിക്കാരൻ കൂടിയാണ് അദേഹം. ഞാൻ മേൽപ്പറഞ്ഞ കടയിലെ ഒരു സ്ഥിരം സന്ദർശകൻ ആകയാൽ അങ്ങേര് എന്നെ പെട്ടെന്ന് തിരിച്ചറിഞ്ഞു.

നേരത്തെ വന്ന് വെയിറ്റ് ചെയ്യുന്ന ആളുകളെ അവഗണിച്ചുകൊണ്ട് മെഹബൂബ് എന്നെ കൈകാട്ടി വിളിച്ചു. സന്തോഷത്തോടെ ഞാൻ ഓടിച്ചെന്നു.

മെഹബൂബ് ആവശ്യപ്പെട്ടത് അനുസ്സരിച്ച് ഞാൻ ഇൻഷുറൻസ് കാർഡ് കാണിച്ചു, ഡോക്ടർ എഴുതി തന്ന കുറുപ്പടി കാണിച്ചു.

അയാൾ എന്തെല്ലാമോ കമ്പ്യൂട്ടറിൽ കുത്തിക്കുറിച്ചു.... എന്നിട്ട് ഹിന്ദിയിൽ പറഞ്ഞു...

"താങ്കൾ ഏഴാം നമ്പർ മുറിയിൽ പോയി ഇരിക്കൂ. സമയം ആകുമ്പോൾ ടെക്നീഷ്യൻ വന്ന് കൂട്ടിക്കൊണ്ട് പൊക്കോളും"

അനുസ്സരണ ഉള്ള ഒരു കുഞ്ഞാടിനെ പോലെ ഞാൻ ഏഴാം നമ്പർ മുറിയിൽ പോയിരുന്നു.

കാര്യങ്ങൾ പണ്ടത്തെപോലെ അല്ല. എനിക്കിവിടെ ഇരുന്ന് ഫേസ് ബുക്ക് നോക്കാം, വാട്ട്സ്ആപ്പ് നോക്കാം...സിനിമാ ലോകത്തെ വാർത്ത മനോരമയിൽ വായിക്കാം...

നോർത്ത് കൊറിയ എപ്പൊ വേണേലും അമേരിക്കയിൽ ബോംബിടാം, കാലിഫോർണിയയിൽ തീ പടർന്ന് പിടിക്കുന്നു, ട്രമ്പ് അർത്ഥമില്ലാത്ത എന്തൊക്കെയോ ടീറ്റ് ചെയ്യുന്നു, മോഡി പതിവില്ലാതെ ഇന്ത്യയിൽ എത്തി, പിറ്റേന്ന് തന്നെ പെട്രോൾ വില മൂന്നര രൂപ കൂടി...അങ്ങനെ ഓരോരോ വാർത്തകൾ ഞാൻ വായിച്ചുകൊണ്ടേ ഇരുന്നു.

ഏകദേശം പത്ത് മിനിട്ടായി കാണും...ജെന്നിഫർ എന്ന് പേരുള്ള ഒരു ലാറ്റിനോ സ്ത്രീ വന്ന് എന്നെ അവരുടെ മുറിയിലേക്ക് കൂട്ടിക്കൊണ്ട് പോയി

അവർ എന്നെ ഒരു കസ്സേരയിൽ ഇരുത്തി. എന്നിട്ട് എന്റെ രക്തം ഊറ്റാനുള്ള വീപ്പകളുമായി തിരികെ വന്നു. കണ്ടാൽ തോന്നും ന്യൂ യോർക്ക് സിറ്റിയിൽ ഉള്ള എല്ലാർക്കും കുടിക്കാനുള്ള രക്തം എന്റെ ശരീരത്ത് നിന്നും ഊറ്റി എടുക്കാനുള്ള പുറപ്പാട് ആണെന്ന്.

ഏഴ് ട്യൂബിൽ ജെന്നിഫർ രക്തം ഊറ്റി. ഓരോ ട്യൂബ് നിറക്കുമ്പോഴും അവരുടെ മുഖത്ത് രക്തദാഹം നിറഞ്ഞൊരു സംതൃപ്തി ഞാൻ ശ്രദ്ധിച്ചു...ഡ്രാക്കുളയുടെ പെങ്ങളുടെ മുഖത്ത് വിന്യസിച്ച അതേ ഭാവരസ്സം.

ഞാൻ പോയിക്കഴിയുമ്പോൾ അവർ എന്റെ രക്തം മുഴുവൻ ആരും കാണാതെ കുടിക്കുമോ എന്ന് പോലും ഞാൻ സംശയിച്ചു.

"ഹാവ് എ ഗുഡ് ഡേ" പറഞ്ഞ് ജെന്നിഫർ കതകടച്ചു പക്ഷെ എനിക്കൊരു സംശയം. ടെസ്റ്റുകൾക്ക് വേണ്ടത് എല്ലാം അവരുടെ കൈയിൽ ഉണ്ടോ?

മൂത്രം?

അമേരിക്കയിൽ വന്ന നാൾ മുതൽ ഏത് ടെസ്റ്റ് നടത്തിയാലും മൂത്രം കൊടുക്കാത്ത ഒരു കളിയില്ല. ഒരു മടിയും കൂടാതെ അവർ ചോദിക്കുന്നത്ര ഞാൻ കൊടുത്തും പോന്നു...

പക്ഷെ ഇതിപ്പോ...!!!

പരിഭവിച്ചിട്ട് കാര്യമില്ല. മനുഷ്യനല്ലേ. ജോലി തിരക്കിനിടയിൽ മറന്നതാവും.

ഞാൻ തിരികെ വണ്ടിയിൽ പോയി വെള്ളം കുടിച്ചേച്ച് വച്ചിരുന്ന ഒരു കാലി ബോട്ടിൽ എടുത്തോണ്ട് വന്നു. എന്നിട്ട് യാതൊരു ലുബ്ദ്ധും കാണിക്കാതെ ബാത്ത് റൂമിൽ പോയി സംഭവം നിറച്ച് ജെന്നിഫറുടെ മുറിയുടെ വാതിലിൽ തട്ടി.

"വാട്ട് ഈസ് ദിസ്"

"യൂറിൻ...മൈ യൂറിൻ"

തന്റെ തെറ്റ് മനസ്സിലാക്കിയ ജെന്നിഫർ തന്നെ വാരിപ്പുണരുകയും നന്ദി കൊണ്ട് പൊതിയുകയും ചെയ്യുന്ന രംഗം ഞാൻ മനസ്സിൽ വിഭാവന ചെയ്തു. അത് നിധി കിട്ടിയത് പോലെ മേടിച്ചു സൂക്ഷിക്കും എന്നാണ് ഞാൻ കരുതിയത് പക്ഷെ ഡോക്ടർ തന്ന കുറിപ്പ് ഒന്നുകൂടി വായിച്ചു നോക്കിയിട്ട് അവർ നിർദാക്ഷിണ്യം പറഞ്ഞു

"ഐ ഡോണ്ട് നീഡ് യുവർ യൂറിൻ ദിസ് ടൈം"

ഞാൻ ഒരു നിമിഷം തരിച്ചുനിന്നു.

മൂത്രം വേണ്ടാന്നോ...അത് നല്ല കളി.

“ചെക്ക് എഗൈൻ. ഐ ഗിവ് യൂറിൻ ഓൾ ദി ടൈം”

മുഖം പോലും ഉയർത്താതെ ജെന്നിഫർ പറഞ്ഞു “നോട്ട് ദിസ് ടൈം”

ദുഖിതനായ ഞാൻ പരിസ്സരബോധം വീണ്ടെടുത്ത് ചോദിച്ചു..

"സോ...വാട്ട് ഡു ഐ ഡു വിത്ത് ദിസ്?"

അവൾ ഒന്ന് പാളി നോക്കിയിട്ട് കതകടച്ചു.

ഒരു കുപ്പി നിറയെ മൂത്രം ഒരു വിദേശീയ സ്ത്രീയുടെ നേരെ നീട്ടി പിടിക്കുകയും അവർ അത് നിർദാക്ഷിണ്യം നിരസ്സിക്കുകയും ചെയ്താലുണ്ടാവുന്ന മാനസികാവസ്ഥ!

അത് അനുഭവിച്ചാലേ മനസ്സിലാകൂ

വിഷണ്ണനായി ലാബ് വിട്ടിറങ്ങുമ്പോൾ ഞാൻ ഒന്നുറപ്പിച്ചു...ഇനി അവർ കെഞ്ചിയാലും യൂറിൻ കൊടുക്കുന്ന പ്രശ്നമില്ല.